പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4784 — 05.02.2014 ലെ മറുപടിയ്ക്ക്

## വയനാട് പാക്കേജ് പ്രകാരം നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ വയനാട് പാക്കേജ് പ്രഖ്യാപിച്ചതെന്നാണ്; എത്ര രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്;<br><br>(ബി) കാർഷിക, ക്ഷീര, ആരോഗ്യ മേഖലകളിൽ എത്ര രൂപയുടെ വീതം പദ്ധതികളാണ് പ്രഖ്യാപിച്ചത്; ഈ ഓരോ മേഖലയിലും ഇതിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; മറ്റേതെല്ലാം മേഖലകളിൽ എത്ര രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ? | (എ) & (ബി) കുട്ടനാട്, ഇടുക്കി പാക്കേജുകൾ പോലെ ഒരു വയനാട് പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ 2012-13 ൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ വയനാട് ജില്ലയ്ക്ക് വേണ്ടി "വയനാട് പാക്കേജ്" എന്ന നാമത്തിൽ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കി. ആയത് 2013-14 ലും തുടർന്ന് വരുന്നുണ്ട്. ഈ പദ്ധതി നിർവഹണത്തിൽ കൃഷി വകുപ്പിനോടൊപ്പം, ക്ഷീരവികസനവകുപ്പും, സഹകരണ വകുപ്പും, ജലസേചന വകുപ്പും, മിൽമയും, എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനും പങ്കാളികളാണ്. വയനാട് പാക്കേജ് പദ്ധതി നടപ്പിലാക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം 2253.18 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പ് സാമ്പത്തിക വർഷം ഇതിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 1008.70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ